(ബി) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുക പൂവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
2011-12	648.24	572.60
2012-13	1122.38	753.86
2013-14	1423.06	643.41
2014-15	1392.96	769.59

(സി) 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ പൂർണ കേന്ദ്രാവിഷ്കൃത/മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയ്ക്ക് ഓരോ വർഷവും ചെലവഴിക്കാൻ കഴിയാതിരുന്ന തുകകൾ പൂവടെ ചേർക്കുന്നു:

(തുക കോടിയിൽ)

വർഷം	100% കേന്ദ്രാവിഷ്കൃത പദ്ധതികൾ	മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ
2011-12	8.04	75.64
2012-13	224.20	368.52
2013-14	342.44	779.65
2014-15	545.11	623.37

ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ്

162 (3316) ശ്രീ. ഇ. പത്മശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കിയതിനുശേഷം മറ്റു വകുപ്പുകളിൽ നിന്ന് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്ന ഫയലുകൾ സ്കാൻ ചെയ്ത് ഇ.ഫയലാക്കി മാത്രമെ സ്വീകരിക്കൂ എന്ന തീരുമാനം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുത്തുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

997/18

LIBRARY ARCHIVES Kerala Legislative Assembly

(ബി) മറ്റ് വകുപ്പുകളിൽ ആവശ്യത്തിന് സ്കാനറുകൾ ഇല്ലാത്തത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാരണത്താൽ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ വൈകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ-ഓഫീസ് നടപ്പാക്കിയതിനുശേഷം ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം കുറഞ്ഞിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

കരാറുകാർക്കുള്ള കുടിശ്ശിക

163 (3317) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് പണം നൽകാത്തതിനാൽ വികസന പ്രവർത്തനങ്ങൾ ശ്രുഷ്ടിയിൽ നടക്കാതെ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽ ഉണ്ടോ;

(ബി) മരാമത്ത് കരാറുകാർക്ക് എത്ര കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടിശ്ശിക വർദ്ധിച്ചതിനാൽ തടസ്സപ്പെട്ട വർക്കുകളുടെ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭരണ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-4-2014 മുതൽ 23-2-2015 വരെ 1268.51 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 394.57 കോടി രൂപയുടെയും ജലവിഭവവകുപ്പിൽ 1-4-2014 മുതൽ 30-8-2014 വരെ എല്ലാ വിഭാഗങ്ങളിൽ നിന്നും പൂർണ്ണമായി ലഭ്യമായ നിർദ്ദേശങ്ങൾ അനുസരിച്ച് 132.58 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 1795.66 കോടി രൂപയുടെ കുടിശ്ശികയുണ്ട്.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly